## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 126 — 10.12.2012-ൽ മറുപടിക്ക്

## വിദേശമദ്യശാലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

| | |
| --- | --- |
| (എ) സംസ്ഥാനത്ത് അനധികൃതമായി വിദേശമദ്യശാലകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ പ്രവർത്തിക്കുന്ന മദ്യശാലകളുടെ എണ്ണം വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത മദ്യശാലകൾ അടച്ചു പൂട്ടിക്കുന്നതിന് അധികാരം നൽകിയിരിക്കുന്നത് ആർക്കാണ്; | (ബി) ബാധകമല്ല. |
| (സി) പുതിയ മദ്യ നയമനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മദ്യശാലകളുടെമേൽ എന്തൊക്കെ അധികാരങ്ങളാണ് നൽകിയിരിക്കുന്നത്? | (സി) പുതിയ മദ്യ നയത്തിന്റെ ഭാഗമായി, 25.11.2012-ാം തീയതി പുറപ്പെടുവിച്ച, മുനിസിപ്പാലിറ്റീസ് ആക്റ്റ്/പഞ്ചായത്തീരാജ് ആക്റ്റ് എന്നിവയുടെ ഭേദഗതി ഓർഡിനൻസ് പ്രകാരം, ഒരു മുനിസിപ്പൽ/പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു അബ്കാരി ഷോപ്പ് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ/പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്.<br><br>ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ, ആരാധനാലയത്തിന്റേയോ അടുത്ത് ഒരു അബ്കാരി ഷോപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ, തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്റ്റിലോ, ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധിയ്ക്കുള്ളിൽ സ്ഥാപിക്കാൻ അനുവാദം നൽകാൻ പാടില്ലാത്തതാണ്. |

പൊതു സമാധാനത്തിന്റെയോ, സന്മാർഗ്ഗത്തിന്റെയോ താല്പര്യത്തെക്കരുതിയോ, സൗകര്യമോ ശല്യമോ കാരണമാക്കിയോ ഒരു അബ്കാരി ഷോപ്പ് ഒരു സ്ഥലത്തു നിന്നും, ഇതിനായി നിർദ്ദേശിക്കാവുന്ന 15 ദിവസത്തിൽ കവിയാത്ത സമയ പരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേയ്ക്കു മാറ്റാനോ അടയ്ക്കുവാനോ ഉത്തരവ് നൽകാൻ ഒരു മുനിസിപ്പാലിറ്റിക്ക്/പഞ്ചായത്തിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

മേൽ വ്യവസ്ഥകൾ, പ്രസ്തുത ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന തീയതിയിൽ നിലവിലുള്ള അബ്കാരി ഷോപ്പിനോ, നിലവിലുള്ള എല്ലാ നിയമവ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ നിലവിലുള്ള കള്ള് ഷാപ്പുകൾ, അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റി സ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ.